## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4303 | 12/11/2019-ൽ മറുപടിയ്ക്ക്

# കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക് / കാഷ്യർ തസ്തികയിൽ അനധികൃത നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ · ക്ലാർക്ക്/കാഷ്യർ തസ്തികയിൽ മുൻ ഭരണസമിതിയുടെ ഭാഗത്തുനിന്നുണ്ടായ അനധികൃത നിയമനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ 30.7.2014 ന് ശേഷം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത് 30.7.2014 ന് കാലാവധി അവസാനിച്ച കാറ്റഗറി നം. 20/2006, 21/2006 എന്നീ റാങ്ക് ലിസ്റ്റുകളിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയ കാരണത്താൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ബഹു. കേരള ഹൈക്കോടതിയിലെ 14599/2019/റിട്ട് പെറ്റീഷന്റെ വിധി ന്യായം നടപ്പിലാക്കിയതിലൂടെ കണ്ടെത്തിയ, മുൻ ഭരണ സമിതിയുടെ തെറ്റായ നിയമന നടപടിക്രമങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് 14.08.2019 ന് EM(1)109208/19/നമ്പർ പ്രകാരം കേരള സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ, ഈ ഉത്തരവിന്റെ പകർപ്പ് സർക്കാരിന്റെ ശ്രദ്ധയിൽ | (ബി) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ റിട്ട് പെറ്റീഷൻ നം. 14599/2019 ലുള്ള വിധി ന്യായം നടപ്പിലാക്കി സഹകരണ സംഘം രജിസ്ട്രാർ 14.08.2019 ന് പുറപ്പെടുവിച്ച ഉത്തരവ് 9/10/2019 ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാരിന് പ്രസ്തുത ഉത്തരവ് ലഭ്യമായത് എപ്പോഴാണെന്ന് അറിയിക്കുമോ; | | |
| (സി) | കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ നിലവിലുള്ള ക്ലാർക്ക്/ കാഷ്യർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അർഹതപ്പെട്ട നൂറ്റി മുപ്പത് ഒഴിവുകൾ വന്നതിൽ പ്രസ്തുത അനധികൃത നിയമനം കാരണം നാല്പത്തി ഏഴ് പേരുടെ നിയമനം മാത്രമാണ് നടന്നിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും (ഇ) യും | ഈ വിഷയത്തിലുള്ള ക്രമക്കേടുകൾ സംബന്ധിച്ച സഹകരണ സംഘം രജിസ്ട്രാറുടെ 27/09/2019 ലെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത അനധികൃത നിയമനങ്ങൾക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | | |
| (ഇ) | അനധികൃത നിയമനം മൂലം അവസരം നഷ്ടപ്പെടുന്ന കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ നിലവിലുള്ള ക്ലാർക്ക്/കാഷ്യർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത നടപടിക്രമങ്ങൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ